Kochi-Muziris Biennale 2016

12\12\16

പത്രക്കുറിപ്പ് 29.09.2016

# അച്ചടിക്കാനാവാത്ത വാർത്തകളാണ് കഴുകന്മാരുടെ വിരുന്ന് എന്ന പുസ്തകം; ജോസി ജോസഫ്

കൊച്ചി: അച്ചടിക്കാനാവാതെ പോയ വാർത്തകളാണ് കഴുകന്മാരുടെ വിരുന്ന് എന്ന പുസ്തകമെഴുതാൻ തന്നെ പ്രേരിപ്പിച്ചതെന്ന് പ്രശസ്ത മാധ്യമപ്രവർത്തകൻ ജോസി ജോസഫ്. പൂർണമായും രേഖാമൂലമുള്ള വസ്തുതകളെ അടിസ്ഥാനമാക്കിയാണ് കാര്യങ്ങൾ എഴുതിയിരിക്കുന്നത്. പന്ത്രണ്ടായിരത്തോളം വരുന്ന ഈ രേഖകൾ ഉടൻ തന്നെ പ്രസിദ്ധപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. കൊച്ചി ബിനാലെ ഫൗണ്ടേഷൻ കൊച്ചിയിൽ സംഘടിപ്പിച്ച ലെറ്റ്സ് ടോക്ക് സംഭാഷണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു ജോസി ജോസഫ്.

താഴെത്തട്ടിലും മേൽത്തട്ടിലും ഒരു പോലെ അഴിമതി നിലനിൽക്കുന്നതായി സംഭാഷണപരിപാടിയിൽ പങ്കെടുത്ത മുൻ ഡിജിപി ഹോർമിസ് തരകൻ പറഞ്ഞു. പോലീസിന് രാഷ്ട്രീയക്കാരുടെ നിയന്ത്രണത്തിൽ നിന്ന് മോചനമില്ലാത്ത അവസ്ഥയാണ് ഇതിനു കാരണമെന്നും അദ്ദേഹം പറഞ്ഞു.

രാഷ്ട്രീക്കാർ അഴിമതിക്കെതിരെ ശബ്ദിക്കുമെന്നു പ്രതീക്ഷിക്കേണ്ടെന്ന് ജോസി ജോസഫ് പറഞ്ഞു. രാഷ്ട്രീയം നടത്തിക്കൊണ്ടു പോകുന്നതിന് പണം ആവശ്യമാണ്. അതിനാൽത്തന്നെ അഴിമതിയുമായി രാഷ്ട്രീയ പാർട്ടികൾക്ക് അഭേദ്യമായ ബന്ധമാണ്. ഏതു രംഗത്തു നോക്കിയാലും കാണുന്ന അഴിമതി മാറാൻ വമ്പിച്ച രീതിയിലുള്ള ജനകീയ മുന്നേറ്റം ഉണ്ടാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യയിലെ വ്യോമയാന മേഖലയിലെ ഉദാരീകരണവും തുടർന്നുള്ള അഴിമതിയുമാണ് പുസ്തകത്തിൽ പ്രധാനമായും പ്രതിപാദിക്കുന്നത്. തക്കീയുദ്ദീൻ വാഹീദ് എന്ന മലയാളിയുടെ ഈസ്റ്റ് വെസ്റ്റ് എയർലൈൻസിന്റെ വിജയവും അദ്ദേഹത്തിന്റെ വധവും മറ്റൊരു വിമാനക്കമ്പനിയുടെ ഉദയവുമെല്ലാം പുസ്തകത്തിൽ വിശദമാക്കിയിട്ടുണ്ട്.

കഴിഞ്ഞ ഇരുപത് വർഷമായി തുടരുന്ന മാധ്യമപ്രവർത്തനത്തിൽ രാജ്യം ചർച്ച ചെയ്ത നിരവധി അഴിമതി കഥകൾ ജോസി ജോസഫ് പുറത്തു കൊണ്ടു വന്നിട്ടുണ്ട്. എന്നാൽ നിരവധി വാർത്തകൾ പ്രസദ്ധീകരിക്കാൻ സാധിക്കാതെയും വന്നിട്ടുണ്ട്. അത്തരം വസ്തുതകൾ കൂടി പൊതുസമൂഹത്തിനു മുന്നിൽ വയ്ക്കാനാണ് ഈ പുസ്തകം എഴുതിയതെന്നും അദ്ദേഹം പറഞ്ഞു.

1/1903, Kunnumpuram, Fort Kochi, Kerala -682 001, India. Tel: +91 484 2215287, +91 484 2215297(Fax) Email: info@kochimuzirisbiennale.org
kochimuzirisbiennale.org